# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാഴൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി 5-419/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയതി: 20/03/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാഴൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി 5-419/21 തീയ്യതി: 20/03/2021

# കോട്ടയം ജില്ലയിലെ വാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2019 മുതൽ 31-01-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 04-03-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു.സി.ജോർജ് | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 22-02-2021 | 01-03-2021 |
| ശ്രീ.രാധാകൃഷ്ണൻ.എം.എൻ | ഡെപ്യൂട്ടി ഡയറക്ടർ. | 02-03-2021 | 04-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-02-2021 | 04-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രസാദ്.പി.ജി ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
രാജേഷ്.എം,അസി.ഓഡിറ്റ് ഓഫീസർ.
അമ്പിളി.എം,അസി.ഓഡിറ്റ് ഓഫീസർ.
സുനിത.എം.എസ്,,അസി.ഓഡിറ്റ് ഓഫീസർ.(01-03-2021 മുതൽ 04-03-2021 വരെ)
ഷാജിമോൻ.പി.ബി,സീനിയർ ഗ്രേഡ് ഓഡിറ്റർ.
ജാസ്മിൻ.എസ്,ഓഡിറ്റർ(22-02-2021 മുതൽ 25-02-2021 വരെ)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രൊ.എസ്.പുഷ്കലാദേവി. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷാഹുൽ ഹമീദ് | സെക്രട്ടറി | 01-04-2019 | 20-07-2019 |
| സുഭാഷ് കെ.സി. | സെക്രട്ടറി | 24-07-2019 | 31-03-2020 |
| ഡോ.അഞ്ജലി .എസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ.സ്മിത | മെഡിക്കൽ ഓഫീസർ(പിഎച്ച്സി) | 01-04-2019 | 31-03-2020 |
| അനു മാത്യു | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| മനോജ്കുമാർ എം | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| മഹേഷ് ബാലചന്ദ്രൻ | വി.ഇ.ഒ | 01-04-2019 | 05-12-2019 |
| സൗമ്യ.എം. | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| പുണ്യ സതീശൻ | അസി. എഞ്ചിനീയർ | 01-04-2019 | 22-07-2019 |
| പ്രമോദ് ഗോപൻ എൻ.ജി. | അസി. എഞ്ചിനീയർ | 24-07-2019 | 31-03-2020 |
| അനു കുമാരൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 18-09-2019 |
| ഷൈമ ജെ. | ഡയറി എക്സ്റ്റൻഷൻ | 19-09-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ഹാപ്പി മാത്യു.കെ | കൃഷി ഓഫീസർ | 01-04-2019 | 10-04-2019 |
| അഞ്ജു വിശ്വനാഥ് | കൃഷി ഓഫീസർ | 08-05-2019 | 31-03-2020 |
| ഡോ.ലൗലി കെ സഖറിയ | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 01-08-2019 |
| ഡോ. ബിനു ഗോപിനാഥ് | സീനിയർ വെറ്ററിനറി സർജൻ | 25-08-2019 | 31-03-2020 |
| റബീസ് പി.എ). | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Prasad P G (Audit Officer, On 03-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-03-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Ambily M (Asst. Audit Officer, On 05-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-03-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Ambily M (Asst. Audit Officer, On 05-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-03-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Prasad P G (Audit Officer, On 16-03-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 18-03-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Prasad P G (Audit Officer, On 05-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-03-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rajesh M (Asst. Audit Officer, On 03-03-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 03-03-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Sunitha M S (Senior Grade Auditor, On 05-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-03-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Prasad P G (Audit Officer, On 05-03-2021)<br>Last Updated By: Prasad P G (Audit Officer, On 05-03-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം.<br>Written By: Prasad P G (Audit Officer, On 05-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-03-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Prasad P G (Audit Officer, On 05-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 19-03-2021) | 1-10 |
| 11 | വാർഷികകണക്കുകളുടെ അവലോകനം<br>Written By: Ambily M (Asst. Audit Officer, On 06-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-03-2021) | 1-11 |
| 12 | കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി<br>Written By: Sunitha M S (Senior Grade Auditor, On 06-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-03-2021) | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sunitha M S (Senior Grade Auditor, On 06-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-03-2021) | 1-13 |
| 14 | ലൈസൻസ് രജിസ്റ്ററുകൾ കാലികമാക്കിയില്ല.<br>Written By: P B Shajimon (Auditor, On 05-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-03-2021) | 1-14 |
| 15 | നികുതി നിർണ്ണയം നടത്തിയതിൽ നിന്ന് വ്യത്യസ്തമായ ഉപയോഗത്തിന് ലൈസൻസ് നൽകി.<br>Written By: P B Shajimon (Auditor, On 05-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-03-2021) | 1-15 |
| 16 | വാടക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: P B Shajimon (Auditor, On 05-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-03-2021) | 1-16 |
| 17 | പുളിക്കൽകവല ചന്ത മൈതാനം ലേലം - | 1-17 |

| | | |
|---|---|---|
| | നടപടിക്രമങ്ങളിൽ പാളിച്ച.<br>Written By: P B Shajimon (Auditor, On 05-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-03-2021) | |
| 18 | അവധിയിലായിരുന്ന കാലയളവിൽ ജനപ്രതിനിധികൾക്ക് ഹോണറേറിയം അനുവദിച്ചു.<br>Written By: Prasad P G (Audit Officer, On 06-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-03-2021) | 1-18 |
| 19 | ഭൂജലവകുപ്പിൽ നിക്ഷേപമായി തുകകൾ അവശേഷിക്കുന്നു.<br>Written By: Ambily M (Asst. Audit Officer, On 06-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-03-2021) | 1-19 |
| 20 | കുടുംബശ്രീ വനിതകൾക്ക് മുട്ടക്കോഴി വിതരണം- വിതരണ രേഖകൾ ലഭ്യമല്ലാത്തത്.<br>Written By: P B Shajimon (Auditor, On 05-03-2021)<br>Last Updated By: Prasad P G (Audit Officer, On 06-03-2021) | 1-20 |
| 21 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ പ്രോജക്ടുകൾ -അപാകതകൾ<br>Written By: Sunitha M S (Senior Grade Auditor, On 06-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-03-2021) | 1-21 |
| 22 | ഹിന്ദി പഠന പദ്ധതി - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല<br>Written By: P B Shajimon (Auditor, On 05-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-03-2021) | 1-22 |
| 23 | പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിൽ 407346/- രൂപ നിക്ഷേപമായി അവശേഷിക്കുന്നു.<br>Written By: Rajesh M (Asst. Audit Officer, On 05-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-03-2021) | 1-23 |
| 24 | കരാർ ചമയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയില്ല.<br>Written By: Rajesh M (Asst. Audit Officer, On 04-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 19-03-2021) | 1-24 |
| 25 | ഇ-ടെണ്ടർ ടെണ്ടർഫീസ് പഞ്ചായത്തിൽ ലഭിച്ചില്ല<br>Written By: Rajesh M (Asst. Audit Officer, On 04-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-03-2021) | 1-25 |
| 26 | വേലമൂല്യത്തിൽ അധികമായി തുക ചെലവഴിച്ചു<br>Written By: Rajesh M (Asst. Audit Officer, On 04-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-03-2021) | 1-26 |
| 27 | ആസ്തിസംരക്ഷണം<br>Written By: Rajesh M (Asst. Audit Officer, On 04-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-03-2021) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rajesh M (Asst. Audit Officer, On 04-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-03-2021) | 4-1 |
| 2 | ഡപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Rajesh M (Asst. Audit Officer, On 04-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 19-03-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Rajesh M (Asst. Audit Officer, On 04-03-2021) | 4-3 |

| | | |
|---|---|---|
| | Last Updated By: Rajesh M (Asst. Audit Officer, On 04-03-2021) | |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Rajesh M (Asst. Audit Officer, On 04-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-03-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Rajesh M (Asst. Audit Officer, On 04-03-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 04-03-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Rajesh M (Asst. Audit Officer, On 04-03-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 04-03-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 04-03-2021)<br>Last Updated By: Prasad P G (Audit Officer, On 06-03-2021) | 4-7 |
| 8 | സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 04-03-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 04-03-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajesh M (Asst. Audit Officer, On 04-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 19-03-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Rajesh M (Asst. Audit Officer, On 04-03-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-03-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബഡ്ജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് 7-2-2019 ലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയുണ്ടായി.തുടർന്ന് 25-2-2019 ലെ 2(1) നമ്പരായി ബജറ്റ് പുതുക്കി അംഗീകരിക്കുകയും ചെയ്തു.എന്നാൽ ബജറ്റ പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർഥ വരവു ചെലവുകളും തമ്മിൽ വൈജാത്യം നിലനില്ക്കുന്നതിൽ നിന്നും ബജറ്റ് തയാറാക്കുന്നതിൽ മതിയായ പഠനങ്ങൾ നടക്കുന്നില്ലായെന്ന് വ്യക്തമാകുന്നു.പഞ്ചായത്ത് രാജ് നിയമങ്ങൾ പാലിച്ച് ബജറ്റ് തയാറാക്കുന്നതിൽ കൂടുതൽ ശാസ്ത്രീയ സമീപനം സ്വീകരിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

31-7-2019 നകം ലഭിക്കേണ്ടിയിരുന്ന വാർഷിക കണക്ക് 16-6-2020 ന് ലഭ്യമാക്കിയിട്ടുണ്ട്. പ്രാഥമിക പരിശോധനയിൽ അപാകതകൾ ഇല്ലാതിരുന്നതിനാൽ വാർഷികകണക്ക് സ്വീകരിച്ചു.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 26308523.97 |
| ഓഡിറ്റ് വർഷത്തെ വരവ് | 76353735.00 |
| ആകെ | 102662258.97 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 75222099.00 |
| നീക്കിയിരിപ്പ് | 27440159.97 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

### 1-4 ഗ്രാന്റ് വിനിയോഗം

(സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 13148207 | 13148207 | 12790202 | 358005 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 4479059 | 4479059 | 3674351 | 804708 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 199294 | 199294 | 199294 | 0 |
| മെയിന്റനൻസ് ഗ്രാന്റ് | 0 | 13091000 | 13091000 | 6075405 | 7015595 |

| | | | | | |
|---|---|---|---|---|---|
| (റോഡ് ) | | | | | |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ് ) | 0 | 4000000 | 4000000 | 2929379 | 1070621 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10411567 | 10411567 | 5192207 | 5219360 |
| സംസ്ഥാനാവിഷ്കൃതഫണ്ട് ലൈഫ് മിഷൻ | 0 | 1600000 | 1600000 | 1600000 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| എൻ ആർ ഇ ജി എ | 6454 | 10872635 | 10879089 | 10872039 | 7050 |
| ഐസിഡിഎസ് (കേന്ദ്ര വിഹിതം) | 459025 | 497214 | 956239 | 300000 | 656239 |
| സ്വച്ഛ് ഭാരത് മിഷൻ | 688257 | 0 | 688257 | 244000 | 444257 |

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണപ്പെട്ടു.

1. ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിരിക്കുന്നത് പഞ്ചായത്തിന് ലഭിച്ച ആകെ വരവാണ്. (എസിആർ പ്രകാരമുള്ളത് ) .എന്നാൽ മേഖല വിഭജന പ്രകാരമുള്ള വകയിരുത്തൽ സുലേഖ ചെലവ് പത്രികയുമായോ , എസിആർ മായോ പൊരുത്തപ്പെടുന്നില്ല. എന്നാൽ ചെലവ് സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. ആകയാൽ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

2. വികസന ഫണ്ട് (പൊതുവിഭാഗം) വരവ് 13148207 (സാംഖ്യ എസിആർ പ്രകാരമുള്ളത് ) നിന്നും ചെലവഴിച്ച തുകയായ 13260790 (സുലേഖ ചെലവ് പത്രിക) രൂപ കുറയ്ക്കുമ്പോൾ നീക്കിയിരിപ്പായി -112583 രൂപയാണ് ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം ആകെ ലഭ്യമായതിലും തുക ചെലവഴിച്ചതായി തെറ്റായി അക്കൗണ്ട് ചെയ്യപ്പെട്ടിരിക്കുന്നു.

3.കേന്ദ്ര , സംസ്ഥാനാവിഷ്കൃത പദ്ധതികൾ വകയിരുത്തൽ, ചെലവ്, നീക്കിയിരിപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്കുകൾ, പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന എസിആർ / ക്യാഷ് ബുക്ക് എന്നിവയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

| | ACR / ക്യാഷ് ബുക്ക് / വാർഷിക കണക്ക് പ്രകാരം | | | | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം | | | |
|---|---|---|---|---|---|---|---|---|
| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | | | | |
| എൻആർഇജിഎ | 6454 | 10879089 | 10872039 | 7050 | 6454 | 5574130 | 960114 | 4614016 |
| ഐസിഡിഎസ് | 459025 | 497214 | 300000 | 656239 | 0 | 7549990 | 1648322 | 5901668 |
| സ്വച്ഛ് ഭാരത് മിഷൻ | 0 | 688257 | 244000 | 444257 | 0 | 3935285 | 257600 | 3677685 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | | | | |
| ലൈഫ് (സംസ്ഥാന വിഹിതം) | 0 | 1600000 | 1600000 | 1600000 | 0 | 356642237 | 13622351 | 343019886 |

പ്രോജക്ട് നം.111/20 ലൈഫ് മിഷൻ (ജനറൽ) പ്രകാരമുള്ള ആകെ ചെലവ് തുകയായ 13622351 രൂപയാണ് ലൈഫ് മിഷൻ സംസ്ഥാന വിഹിതം ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നത്.

4.സർക്കാർ ധനസഹായം ഇനത്തിൽ ലഭിച്ച തുകകൾ വാർഷികകണക്ക്,ഗ്രാന്റ് സ്റ്റേറ്റ്മെന്റ്,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ,സുലേഖ ചെലവ്പത്രിക എന്നിവയിലെ ചെലവിനങ്ങൾ പരസ്പരം പൊരുത്തപ്പെടാത്ത സാഹചര്യം നിലനില്ക്കുന്നു.

2019-20 വർഷം ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് ജി. ഓ പ്രോജക്ട് പ്രകാരം രണ്ട് തവണകളായി 235294 രൂപ, 51470 രൂപ , 7353 രൂപ എന്നിങ്ങനെ യഥാക്രമം വികസന ഫണ്ട് ജനറൽ , എസ് സി പി , റ്റി എസ് പി വിഭാഗങ്ങളിൽ നിന്നും കുറവ് ചെയ്തതിനാലാണ് ഈ വ്യത്യാസം സംഭവിച്ചത്. ലോക്കൽ സാംഖ്യയിൽ പ്രോജക്ട് നം. 170/20 എൻ എച്ച് ഈഴക്കുന്നേൽ റോഡിന്റെ ചെലവ് ഈ – ബിൽ വൗച്ചർ വഴി പേയ്മെന്റ് ചെയ്തപ്പോൾ ചെലവിന് പകരം വരവ് ഹെഡിൽ പേയ്മെന്റ് വന്നു. ഇത് മൂലം 15575 രൂപയുടെ വ്യത്യാസം മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിലുണ്ടായി. മേൽ അപാകതകൾക്ക് നോട്ട് ഓൺ അക്കൗണ്ട് തയ്യാറാക്കേണ്ടതാണ്. വ്യത്യാസം ചുവടെ ചേർക്കുന്നു.

| | വാർഷികകണക്ക് പ്രകാരം | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം | ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 12790202 | 13260790 | 12790202 | 13260790 |
| വികസനഫണ്ട് എസ്.സി പി | 3674351 | 3777291 | 3674351 | 377291 |
| വികസനഫണ്ട് റ്റി.എസ്. പി | 199294 | 214000 | 199294 | 214000 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 6090980 | 6075405 | 6075405 | 6075405 |

## 1-5 പദ്ധതി അവലോകനം

2019-20 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ 17.10.2018 ൽ യോഗങ്ങൾ ചേരുകയുണ്ടായി. പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭ, ഊരുകൂട്ടം എന്നിവ 28-10.2018 മുതലുള്ള കാലയളവിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. 29.11.2018 ൽ നടന്ന വികസനസെമിനാറിൽ വാർഷികപദ്ധതി പ്രോജക്ടുകൾക്ക് അന്തിമരൂപം നല്കി. ഇപ്രകാരം നടപടിക്രമങ്ങൾ കൃത്യമായി പാലിച്ച് തയാറാക്കി 04.03.2020ലെ 1ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അന്തിമ അംഗീകാരം നല്കിയ വാർഷികപദ്ധതി പ്രോജക്ടുകൾ ജില്ലാ ആസൂത്രണസമിതി 20.3.2020 ലെ 2707/18/DPC/DPO/KTM ഉത്തരവ് പ്രകാരം അംഗീകരിച്ചു.

അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ വാർഷിക പദ്ധതി പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അംഗീകാരം ലഭിച്ചത് | നടപ്പിലാക്കിയത് | വകയിരുത്തിയ തുക | ചെലവഴിക്കപ്പെട്ടത് |
|---|---|---|---|---|
| സ്പിൽഓവർ | 74 | 62 | 35024146 | 18033719 |
| പുതിയത് | 147 | 85 | 105322154 | 44278871 |
| ആകെ | 221 | 147 | 140346300 | 62312590./ |

ആകെയുള്ള 221ൽ 147 പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. 74 സ്പിൽഓവർ പ്രോജക്ടുകളിൽ 62 എണ്ണം പൂർത്തീകരിച്ചു.

സെക്രട്ടറി, അസിസ്റ്റന്റ് എൻജിനീയർ ഉൾപ്പെടെ 11 നിർവ്വഹണ ഉദ്യോഗസ്ഥരാണ് വാർഷികപദ്ധതി പ്രോജക്ടുകൾ നടപ്പിലാക്കിയത്. വി.ഇ.ഒ. നടപ്പാക്കിയ ലൈഫ് ഭവനപദ്ധതി (ജനറൽ) യ്ക്കായാണ് ഏറ്റവും കൂടുതൽ തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തത്. കൂടാതെ പ്രത്യേകം പരാമർശിക്കേണ്ട പ്രോജക്ടാണ് പഞ്ചായത്തോഫീസും ഷോപ്പിംഗ് കോംപ്ലക്സും കെട്ടിടനിർമ്മാണം. പ്രോജക്ട് നം.153/20 (സ്പിൽ ഓവർ), പ്രകാരം കെ.യു.ആർ.ഡി.എഫ്.സി ലോൺ തുക 4971119 രൂപയാണ് പ്രോജക്ടിനായി ചെലവഴിച്ചത്. മാലിന്യനിർമാർജനവുമായി ബന്ധപ്പെട്ട് പ്ലാസ്റ്റിക് ശേഖരണത്തിന് പ്രതിഫലം നല്കുന്നതിന് വയബിലിറ്റി ഗ്യാപ്

ഫണ്ട് ഉപയോഗിക്കുകയും പ്ലാസ്റ്റിക് മാലിന്യ ശേഖരണം നടന്നുവരികയും ചെയ്യുന്നുണ്ട്. വീടുകളിൽ നിന്നും, വ്യാപാരസ്ഥാപനങ്ങളിൽ നിന്നും യൂസർഫീ ഈടാക്കിവരുന്നു.

അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി അംഗീകാരം നേടിയ 122 പ്രോജക്റ്റുകളിൽ 68 എണ്ണം മാത്രമാണ് നടപ്പിലാക്കാൻ സാധിച്ചത്. നൂതന പ്രോജക്റ്റുകൾ ആവിഷ്കരിക്കുന്നതിൽ കാര്യമായ ശ്രമങ്ങൾ ഉണ്ടായില്ല.

ജനകീയ ആവശ്യങ്ങൾ പരിഗണിച്ച് വ്യവസ്ഥാപിതമായ ആസൂത്രണ നടപടികളിലൂടെ രൂപപ്പെട്ട അത്യാവശ്യമായ പ്രോജക്റ്റുകളാണ് ഏറ്റെടുക്കുന്നതെന്നും ഏറ്റെടുക്കുന്ന എല്ലാ പ്രോജക്റ്റുകളും നടപ്പാക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ, സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി തുടങ്ങിയ അധികാര സ്ഥാനങ്ങളുടെ ഏകോപിച്ചുള്ള പ്രവർത്തനം അനിവാര്യമാണ്. ഫണ്ടുകൾ വീതംവച്ച് നിരവധി ചെറിയ പ്രോജക്റ്റുകൾ ഏറ്റെടുക്കുക വഴി വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്ന്യാസം മാത്രം സാദ്ധ്യമാവുന്ന സാഹചര്യം ഒഴിവാക്കപ്പെടേണ്ടതുണ്ട്. എന്നിരിക്കിലും നടപ്പിലാക്കിയ പ്രോജക്റ്റുകൾ പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികവളർച്ച, സാമൂഹ്യനീതിവ്യവസ്ഥ തുടങ്ങിയവയ്ക്ക് ഒരുപരിധിവരെ ഉത്തേജനമായിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പരിസ്ഥിതിസുരക്ഷയെ സഹായിക്കുന്നതിന് മാലിന്യ നിർമാർജനമുൾപ്പെടെ പ്രോജക്റ്റുകൾ ഏറ്റെടുത്ത് നിലവിലെ പാരിസ്ഥിതികവെല്ലുവിളികളെ അതിജീവിക്കാനാവശ്യമായ ദീർഘവീക്ഷണം പ്രദർശിപ്പിക്കുകയും ചെയ്തിട്ടുമുണ്ട്. ദീർഘവീക്ഷണത്തോടെ, പഞ്ചായത്തിന്റെ സമഗ്രപുരോഗതിയെ ലക്ഷ്യമാക്കി പ്രായോഗികസമീപനത്തോടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 സാങ്കേതിക അനുമതി ലഭിച്ച 225 പ്രോജക്റ്റുകളിൽ 178 എണ്ണം തൻവർഷം നടപ്പിലാക്കി. 27377 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 543കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു.പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, തോട് ആഴം കൂട്ടൽ, റോഡ് കോൺക്രീറ്റിംഗ് എന്നീ പ്രോജക്റ്റുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2019-20 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6454 | 519546 | 526000 | 518950 | 7050 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 10353089 | 10353089 | 10353089 | - |
| | 6454 | 10872635 | 10879089 | 10872039 | 7050 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 41400 | 25 |
| കർഷകതൊഴിലാളി പെൻഷൻ | 961200 | 266 |
| വിധവാപെൻഷൻ | 2940000 | 866 |
| വാർദ്ധക്യകാലപെൻഷൻ | 7824000 | 2335 |
| വികലാംഗപെൻഷൻ | 824700 | 240 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 143400 | 43 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-2-2021 3 പി എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 79685/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ മെച്ചപ്പെട്ട നിലയിലാണുള്ളതെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിൽ പരസ്പര സഹകരണം നിലനില്ക്കുന്നതിനാൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാവുന്നുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ജീവനക്കാർക്ക് കൃത്യമായി ജോലികൾ വിഭജിച്ച് നല്കിയിട്ടുണ്ട്. ജനറൽ കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി, പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട യോഗങ്ങൾ എന്നിവയെല്ലാം കൃത്യമായി ചേരുകയും നടപടികളുടെ മിനിറ്റ്സുകൾ ശരിയായി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഭരണസമിതിയുടെ കാര്യക്ഷമമായ പ്രവർത്തനം സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണത്തെ ഫലപ്രദമായി നിയന്ത്രിക്കുന്നു. ജീവനക്കാരുടെയും ഭരണസമിതിയുടെയും കൃത്യമായ ഏകോപനത്തിന് പ്രസിഡന്റിന്റെ മേൽനോട്ടം സഹായകമായിട്ടുണ്ട്. ഭരണസമിതിയുടെയും കൂടി സഹകരണത്തോടെ വസ്തുനികുതി പിരിവിൽ വലിയ പുരോഗതി ഉണ്ടായി. വാർഷിക പദ്ധതിക്കായി തനത് ഫണ്ട് കൂടുതൽ ചെലവഴിക്കാൻ ഇതിലൂടെ സാധിച്ചു. വാർഷിക പദ്ധതിയിലൂടെയും ചില മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥനായിരുന്ന പി.എച്ച്.സി യിലെ മെഡിക്കൽ ഓഫീസർ ആംബുലൻസിന്റെ ലോഗ് ബുക്ക്, കാഷ് ബുക്ക് എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടില്ലയെന്നത് പ്രോജക്ട് നിർവഹണത്തിലെ അപാകതയാണ്. ചെലവുകളുടെ വൗച്ചറുകളും അനുബന്ധരേഖകളും നന്നായി സൂക്ഷിച്ചിട്ടുണ്ട്. വാർഡ് തലത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയാറാക്കി ലൈസൻസുകൾ അനുവദിക്കുന്നതിൽ വലിയ പുരോഗതി കൈവരിക്കുകയുണ്ടായി. വിവരാവകാശനിയമം, സേവനാവകാശനിയമം, പൗരാവകാശരേഖ എന്നിവയിലെ നിഷ്കർഷകൾ കൃത്യമായി പാലിക്കുന്നു. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സ്ഥാപനതലനടപടികൾ, തുകയുടെ ഈടാക്കലുകൾ, അധികരേഖകൾലഭ്യമാക്കൽ തുകകളുടെ ഈടാക്കലുകൾ എന്നിങ്ങനെ നടപടികൾ സ്വീകരിക്കുന്നതിലെ കാലതാമസം മൂലം പല വർഷങ്ങളിലെയും ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നു.

മൊബൈൽ ടവറുകളുടെ വസ്തുനികുതിയിനത്തിൽ വലിയ കുടിശ്ശികനിലനില്ക്കുന്നത് നികുതിപിരിവ് ശതമാനത്തിൽ പ്രതിഫലിക്കുന്നു. കൂടാതെ തൊഴിൽനികുതി ഇനത്തിൽ ഏതാനും സ്ഥാപനങ്ങളുടെയും, ജീവനക്കാരുടെയും നികുതി ഈടാക്കാൻ സാധിച്ചിട്ടില്ല. ആസ്തികൾ കൃത്യമായി തരംതിരിച്ച് ആസ്തിരജിസ്റ്ററിൽ ചേർക്കുന്ന നടപടി പൂർത്തിയായിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ പ്രവർത്തനകലണ്ടർ ഫയലിൽ ഉൾപ്പെടുത്തുന്നില്ല. കരാർ വയ്ക്കുന്നതിലും, പ്രവൃത്തി പൂർത്തീകരിക്കുന്നതിലും സമയക്രമം പാലിക്കുന്നില്ല. വാർഷികപദ്ധതിയിൽ പല നിർവഹണ ഉദ്യോഗസ്ഥരും പ്രോജക്ടുകൾ പൂർണമായും നടപ്പിലാക്കാത്തത് മൂലം വാർഷികപദ്ധതി ചെലവ് ശതമാനം കുറയുന്നതിനും അനുവദിച്ച ഫണ്ടിൽ വലിയ തുക ലാപ്സാകുന്നതിനും കാരണമായി.മാർച്ച് മാസത്തിൽ കോവിഡ് ന്റെ ഫലമായുള്ള ലോക്ഡൗൺ പദ്ധതി പ്രവർത്തനങ്ങളെയും ബാധിച്ചു. ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയുടെ പരിഗണനയ്ക്ക് വയ്ക്കണമെന്ന നിയമപ്രകാരമുള്ള അനുശാസനം പാലിക്കപ്പെടുന്നില്ല.മേൽ സൂചിപ്പിച്ച അപാകതകൾ ഒഴിച്ചാൽ താരതമ്യേന മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണമാണ് സ്ഥാപനത്തിലുള്ളത്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് അവസാനമായി നടന്നത് 2013-14 മുതൽ 2017-18 വരെയുള്ള കാലയളവിലേതാണ്.LBA(HQ)II/I/8A-175/2018-19/363/4-1-2019 നമ്പരായ റിപ്പോർട്ടിൽ ഗുരുതരമായ ക്രമക്കേടുകളൊന്നും പരാമർശിച്ചിട്ടില്ല. റിപ്പോർട്ട് നിലവിൽ തീർപ്പാക്കിയിട്ടില്ല.

## 1-11 വാർഷികകണക്കുകളുടെ അവലോകനം

2019-20 വാർഷിക കണക്ക് പരിശോധനയിൽ ഫണ്ട് വിനിയോഗം സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകതകൾക്ക് കാണപ്പെട്ടു.

വാർഷിക കണക്ക് ഷെഡ്യൂൾ B7 പ്രകാരമുള്ള ചുവടെ ചേർക്കുന്ന ഇനങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

| ഇനം | രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് ഷെഡ്യൂൾ B7 പ്രകാരം |
|---|---|---|
| സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 13375 | 7500 |
| മറ്റ് ഡെപ്പോസിറ്റുകൾ | 6019 | 7519 |
| റെന്റ് ഡെപ്പോസിറ്റ് | 4116422 | 4118422 |
| ഹാൾ/ഓഡിറ്റോറിയം ഡെപ്പോസിറ്റ് | 25510 | 59170 |

2. വാർഷിക കണക്ക് ഷെഡ്യൂൾ B4 ശുചിത്വ മിഷൻ ഗ്രാന്റ് നീക്കിയിരിപ്പ് 24,80,092 ആണ്. ആയത് ACR മായി പൊരുത്തപ്പെടുന്നില്ല.

## 1-12 കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി

സഞ്ചയ റവന്യൂ മോഡ്യൂൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി കണ്ടു.

| കെട്ടിട നം | ഉടമസ്ഥന്റെ വിലാസം | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 7/454 | നായർ സമാജം | 16 |
| 5/328 | സെക്രട്ടറി ,HYMA | 50 |
| 9/75 | സെക്രട്ടറി എൻ.എസ്.എസ് കരയോഗം വനിതാ സമാജം | 32 |

ടി കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15) ലൈബ്രറി ,മതപഠനശാലാ എന്നീ ഗണങ്ങളിൽ ഉൾപ്പെടുത്തിയാണ് ടി കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതെന്ന് മറുപടി നല്കി. ടി കെട്ടിടങ്ങളുടെ നിലവിലെ ഉപയോഗക്രമം സംബന്ധിച്ച് സ്ഥല പരിശോധന നടത്തി നികുതി ചുമത്തേണ്ട കെട്ടിടങ്ങളാണെങ്കിൽ നികുതി നിർണ്ണയിച്ച് ഈടാക്കുന്നതാണെന്ന് അറിയിച്ചു. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് 2019-20 വർഷം വിറ്റുവരവിനാനുപാതികമായ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.മുത്തൂറ്റ് ,ചാമംപതാൽ

2.ബി.എസ്.എൻ.എൽ, വാഴൂർ

3.പുഷ്പാറാം പബ്ളിക് സ്കൂൾ

4.വിദ്യാനന്ദ വിദ്യാഭവൻ, കൊടുങ്ങൂർ

5.ഹോളി ഫാമിലി ഇന്റർനാഷണൽ സ്കൂൾ

6.ഏദൻ പബ്ളിക് സ്കൂൾ

ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം-14) തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കി. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 ലൈസൻസ് രജിസ്റ്ററുകൾ കാലികമാക്കിയില്ല.

2019-20 സാമ്പത്തികവർഷം ഗ്രാമ പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ ഗ്രാമ പഞ്ചായത്തിലെ 16 വാർഡുകളിലായി 547 സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 586/ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റില് ഉൾപ്പെട്ടിട്ടുള്ളതിലും 39 സ്ഥാപനങ്ങൾക്ക് അധികമായാണ് ലൈസൻസ് നൽകിയിരിക്കുന്നത്. ഇതിൽ നിന്നും ട്രേഡേഴ്സ് ലിസ്റ്റ് കാലികമല്ല എന്ന് വ്യക്തമാകുന്നു.

വളർത്തുനായകളുടെ ലൈസൻസ് സംബന്ധിച്ച രജിസ്റ്റർ പ്രകാരം 29 നായകൾക്ക് നിയമാനുസൃതം ലൈസൻസ് നൽകിയിട്ടുണ്ട്. വെറ്ററിനറി സർജൻ നടപ്പാക്കിയ പേവിഷ പ്രതിരോധ കുത്തിവയ്പ്പിൽ 149 നായകൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് എടുത്തിട്ടുണ്ട്. ഇതിൽ നിന്നും പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള രജിസ്റ്ററുകൾ കാലികമല്ല എന്ന് വ്യക്തമാകുന്നു. അപാകത പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 നികുതി നിർണ്ണയം നടത്തിയതിൽ നിന്ന് വ്യത്യസ്തമായ ഉപയോഗത്തിന് ലൈസൻസ് നൽകി.

2019-20 സാമ്പത്തിക വർഷം വ്യവസായ, വാണിജ്യം, സംരംഭകത്വം, മറ്റ് സേവനങ്ങൾക്കുള്ള ലൈസൻസുകൾ നൽകിയതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ അപാകത ഉള്ളതായി കാണുന്നു. ചില കെട്ടിടങ്ങൾ നികുതി നിർണ്ണയം നടത്തിയ ഉപയോഗക്രമത്തിനല്ലാതെ മറ്റ് ഉപയോഗങ്ങൾക്ക് ലൈസൻസ് നേടി പ്രവർത്തിക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമയുടെ വിവരം | വിസ്തീർണ്ണം ച. മീറ്ററിൽ | നികുതി നിർണ്ണയം നടത്തിയ ഉപയോഗക്രമം | നികുതി നിർണ്ണയം നടത്തിയ ഉപയോഗക്രമത്തിന് ബാധകമായ നികുതി നിരക്ക് (ച.മീറ്ററിന്) |
|---|---|---|---|---|---|
| 1 | 1V/ 476 | കെ.സി.ജയിംസ്, കാവുങ്കൽ | 40 ച.മീറ്റർ | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 10 രൂപ |
| 2 | X/ 533 | പി.ജെ. സെബാസ്റ്റ്യൻ, പറമ്പത്ത് | 186.5 ച.മീറ്റർ | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 10 രൂപ |
| 3 | XV1/ 324 | ഫിലിപ്പ് ജേക്കബ്, കുളത്താമാക്കൽ | 437 ച.മീറ്റർ | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 10 രൂപ |
| 4 | V111/439 | ഇബ്രാഹിം റാവുത്തർ, | 9.5 ച.മീറ്റർ | വ്യവസായ ആവശ്യത്തിനുള്ള | 10 രൂപ |

| | | | | | |
|---|---|---|---|---|---|
| | | കുളങ്ങരാത്ത് | | കൈത്തറി ഷെഡ്, കയർപിരി ഷെഡ് | |

മേൽ പ്രസ്താവിച്ച കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ നികുതി നിർണ്ണയം നടത്തിയ ഉപയോഗക്രമം അല്ലാത്ത ആവശ്യത്തിന് ഉപയോഗിക്കുന്നതായി കണ്ടു. ലൈസൻസ് അപേക്ഷ പ്രകാരം മേൽ പ്രസ്താവിച്ച കെട്ടിടങ്ങൾ നിലവിൽ ഉപയോഗിക്കുന്നതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ലൈസൻസിയുടെ വിവരം | ലൈസൻസ് പ്രകാരം കെട്ടിടത്തിന്റെ നിലവിലെ ഉപയോഗക്രമം | നിലവിലെ ഉപയോഗക്രമത്തിന് ബാധകമായ നികുതി നിരക്ക് ( ച.മീറ്ററിന്) | നികുതി നിർണ്ണയം മൂലം ഉണ്ടായ കുറവ് ( ച.മീറ്ററിന്) |
|---|---|---|---|---|---|
| 1 | 1V/ 476 | കെ.സി.ജയിംസ്, കാവുങ്കൽ | റബ്ബർ ബാൻഡ്, ഗ്ലൗസ്, മാറ്റുകൾ എന്നിവയുടെ മാർക്കറ്റിംഗ് | 40 രൂപ | 30 രൂപ |
| 2 | X/ 533 | റോയി ഫിലിപ്പ്, കിഴക്കേ പുള്ളോലിൽ | മാരീസ് ഫുഡ് പ്രോഡക്ട്സ് ചാമംപതാൽ | 40 രൂപ | 30 രൂപ |
| 3 | XV1/ 324 | ബാബു ഫിലിപ്പ്, | ഇൻഡസ്ട്രിയൽ റബർ കമ്പനി | 40 രൂപ | 30 രൂപ |
| 4 | V111/439 | മുഹമ്മദ് ഷെബിൻ, കുളങ്ങരാത്ത് | സ്റ്റേഷനറി പച്ചക്കറി വ്യാപാരം | 40 രൂപ | 30 രൂപ |

കെട്ടിടങ്ങൾ യഥാർത്ഥ ഉപയോഗക്രമത്തിനല്ലാതെ കുറഞ്ഞ നിരക്കിലുള്ള ഉപയോഗക്രമത്തിന് നികുതി നിർണ്ണയം നടത്തുകയും പിന്നീട് മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് മൂലം നികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുകയിൽ നഷ്ടം ഉണ്ടാകുന്നു. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/02.03.2021 ന് ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചത്

ഒഴികെ ഇത്തരം അപാകത മൂലം നികുതി നഷ്ടം സംഭവിക്കുന്നുണ്ടോ എന്ന് പഞ്ചായത്ത് തലത്തിൽ പരിശോധിച്ച് അപാകത പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 വാടക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

2019-20 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഈ സാമ്പത്തിക വർഷം വാടക ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട 82487/- രൂപ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു. വാടക കുടിശ്ശിക പിഴ പലിശ സഹിതം ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 09/02.03.2021 നുള്ള മറുപടിയോടൊപ്പം 71462/- രൂപ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി. ജയശ്രീ സന്തോഷ് എന്നയാൾ കടമുറി ഒഴിയുന്നതിനാൽ കുടിശ്ശിക അടയ്ക്കുവാനുള്ള 7008/ രൂപ വാടക ഡെപ്പോസിറ്റിൽ നിന്നും ഈടാക്കുവാൻ 15.02.2021ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിട്ടുണ്ട്. ശ്രീ.ബിജു.കെ.എൻ. എന്നയാൾ അടയ്ക്കുവാനുള്ള 4017/രൂപ അടവാക്കുന്നതിന് ടിയാന് കത്ത് നൽകിയ വിവരവും അറിയിച്ചിട്ടുണ്ട്. വാടക ഡെപ്പോസിറ്റിൽ നിന്നും 7008/-/ രൂപ ഈടാക്കുന്നതിന്റേയും, ഈടാക്കാൻ നോട്ടീസ് നൽകിയിട്ടുള്ള 4017/-രൂപ ഈടാക്കിയതിന്റെയും വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-17 പുളിക്കൽകവല ചന്ത മൈതാനം ലേലം - നടപടിക്രമങ്ങളിൽ പാളിച്ച.

പുളിക്കൽ കവല ചന്ത മൈതാനത്ത് പാർക്ക് ചെയ്യുന്ന വാഹനങ്ങളിൽ നിന്നും ഫീസ് പിരിക്കുന്നതിനും, മൈതാനം സമ്മേളനങ്ങൾ, യോഗങ്ങൾ, കലാ കായിക പരിപാടികൾ വിവാഹാവശ്യങ്ങൾ എന്നിവയ്ക്ക് നൽകുന്നതിനുള്ള തറവാടക പിരിക്കുന്നതിനുള്ള അവകാശം 07.03.2019ലെ എ5-1276/19 നമ്പർ ലേലനോട്ടീസ് പുറപ്പെടുവിച്ചത് പ്രകാരം 16.03.2019 ൽ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ച് നടത്തിയിരുന്നു. പ്രസ്തുത ലേലത്തിൽ 4പേർ പങ്കെടുത്തിരുന്നു. പങ്കെടുത്തവരിൽ ഏറ്റവും ഉയർന്ന തുക 20100/രൂപ വിളിച്ചത് ശ്രീ.ഉദയൻ, കുമ്പുങ്കൽ, പുളിക്കല്കവല എന്നയാളാണ്. ലേലം താത്കാലികമായി ടിയാന് സ്ഥിരപ്പെടുത്തി നൽകി. ലേലനിബന്ധന (ലേലനോട്ടീസിലെ ക്രമ നമ്പർ10) പ്രകാരം ലേലം താത്കാലികമായി ടിയാന് സ്ഥിരപ്പെടുത്തി നൽകിയാൽ ഉടൻതന്നെലേലനിബന്ധന
(ലേലനോട്ടീസിലെ ക്രമ നമ്പർ10) പ്രകാരം ലേല തുകയുടെ 1/3 ഭാഗം പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. എന്നാൽ ടിയാൻ തുകയൊന്നും ഒടുക്കിയില്ല. മാത്രമല്ല 19.03.2019ലെ XV1-ാം നമ്പർ തീരുമാനപ്രകാരം തുക അടക്കുന്നതിന് 3 ദിവസത്തെ സമയം അനുവദിക്കുകയും ചെയ്തു. ഇത് ലേല നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ്. 20.03.2019ലെ എ5-1276/19 നമ്പർ കത്ത് പ്രകാരം ടിയാന് ലേല തുക അടവാക്കുന്നതിന് നോട്ടീസ് നൽകി. എന്നാൽ തുക ഒടുക്കിയില്ല. 06.05.2019ലെ എ5-1276/19 നമ്പർ നോട്ടീസ് പ്രകാരം 14.05.2019ൽ പുനർലേലം നടത്തിയിട്ടില്ല. ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി നൽകിയിട്ടും ലേലനിബന്ധന ( ലേലനോട്ടീസിലെ ക്രമ നമ്പർ10) പ്രകാരം ലേല തുകയുടെ 1/3 ഭാഗം പഞ്ചായത്തിൽ ഒടുക്കാതിരുന്ന ആളെ ഒഴിവാക്കി തൊട്ട് താഴെ 20000/രൂപ ലേലം വിളിച്ച ശ്രീ. അനിൽ കുമാറിന് ലേലം താത്കാലികമായി സ്ഥിരപ്പെടുത്തി നൽകാതിരുന്നതിനും, ലേല നിബന്ധനകൾക്ക് വിരുദ്ധമായി തുക അടയ്ക്കുന്നതിന് 3 ദിവസം നീട്ടി നൽകിയതിനുമുള്ള കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/03.03.2021 ന് ലഭ്യമാക്കിയ മറുപടിയിൽ ടിയാൾക്ക് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായതിനാലാണ് സമയം നീട്ടി നല്കിയത് എന്നും 20000/രൂപ ലേലം വിളിച്ച ശ്രീ. അനിൽ കുമാർ ലേലം തീരുന്നതിന് മുമ്പ് ഹാളിൽ നിന്നും പോയിരുന്നു എന്നുമാണ് വ്യക്തമാക്കിയത്. ലേല തുകയായ 20100/- രൂപ കുത്തകകാരനിൽ നിന്നും പലിശ സഹിതം ഈടാക്കേണ്ടതാണ്.

## 1-18 അവധിയിലായിരുന്ന കാലയളവിൽ ജനപ്രതിനിധികൾക്ക് ഹോണറേറിയം അനുവദിച്ചു.

എസ് ആർ ഓ നം. 507/12/02-07-12 പ്രകാരം പഞ്ചായത്ത് ജനപ്രതിനിധികൾ അവധിയിലായിരിക്കുന്ന കാലയളവിൽ ഹോണറേറിയത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി. ലീലാമണി ബാലചന്ദ്രൻ 08/10/19 മുതൽ 08/01/20 വരെയുള്ള മൂന്ന് മാസങ്ങളിൽ അവധിയിലായിരുന്നു. എന്നാൽ ടിയാൾക്ക് ഒക്ടോബർ മാസവും ജനുവരി മാസവും മുഴുവൻ ഹോണറേറിയവും അനുവദിച്ചിട്ടുണ്ട്. (ഒരു മാസത്തെ ഹോണറേറിയമായ 8200/- രൂപ അധികം അനുവദിച്ചു.) (വൗച്ചർ നം - 21900764/01-11-19, 21901149/01-02-20). ശ്രീമതി. ഏലിക്കുട്ടി തോമസ്, മെമ്പർ 26/06/19 മുതൽ ഒരു മാസം

അവധിയിലായിരുന്ന കാലയളവിൽ ജൂൺ, ജൂലൈ മാസത്തെ മുഴുവൻ ഹോണറേറിയവും അനുവദിച്ചിട്ടുണ്ട്. (ഒരു മാസത്തെ ഹോണറേറിയമായ 7000 രൂപ അധികം അനുവദിച്ചു.) (വൗച്ചർ നം - 21900268/01-07-19 , 21900418/01-08-19) . അവധിയിലായിരുന്ന കാലയളവിൽ ഹോണറേറിയം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക്(നം. 6/ 2 .03.21) മറുപടിയായി തുക തിരികെ അടവാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. അധികം അനുവദിച്ച 15200 രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-19 ഭൂജലവകുപ്പിൽ നിക്ഷേപമായി തുകകൾ അവശേഷിക്കുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2019-20 ൽ നടപ്പാക്കിയ വിവിധ കുടിവെള്ള പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായതിൻ പ്രകാരം ഭൂജലവകുപ്പിൽ ചെലവാകാതെ അവശേഷിക്കുന്ന തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | നീക്കിയിരിപ്പ് (രൂപ) |
|---|---|
| 10/20 , റ്റി.പി പുരം കുടിവെള്ള പദ്ധതി | 895 |
| 12/20, അമ്പലം കുടിവെള്ള പദ്ധതി | 2961 |
| 215/20, എഫ്എച്ച്സി കാപ്പുകാട് - കുഴൽക്കിണർ കുടിവെള്ള പദ്ധതി | 4412 |
| 13/20, കുട്ടുങ്കൽ കുടിവെള്ള പദ്ധതി പൂർത്തീകരണം | 40000 |
| ആകെ | 48268 |

തുക തുടർവർഷ പ്രോജക്ടുകളിൽ ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 കുടുംബശ്രീ വനിതകൾക്ക് മുട്ടക്കോഴി വിതരണം- വിതരണ രേഖകൾ ലഭ്യമല്ലാത്തത്.

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ട് (115/20) പ്രകാരം വികസന ഫണ്ടിൽ നിന്നും 300000/രൂപയും ഗുണഭോക്തൃ വിഹിതം 351000/രൂപയും ഉൾപ്പടെ 651000/ രൂപചെലവഴിച്ച് 6000/ കോഴികളെ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ലഭ്യമാക്കിയ രേഖകളിൽ കോഴികളെ വിതരണം ചെയ്തതിന്റെ വിവരം ഉൾപ്പെട്ടിട്ടില്ല. വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വിതരണ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/02.03.2021 ന് ലഭ്യമാക്കിയ മറുപടിയിൽ വിതരണ വിവരങ്ങൾ കുടുംബശ്രീ ഓഫീസിൽ നിന്നും ലഭ്യമാക്കി ഹാജരാക്കാം എന്ന് അറിയിച്ചിട്ടുണ്ട്. വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യുമ്പോൾ വ്യക്തിഗത കൈപ്പറ്റ് രേഖകൾ വാങ്ങിയതിന് ശേഷം മാത്രം വിതരണം നടത്തേണ്ടതാണ്. വിതരണ വിവരങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ 300000/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ പ്രോജക്ടുകൾ -അപാകതകൾ

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഫയൽ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ പാലിയേറ്റീവ് കെയറിനായി ഉപയോഗിക്കുന്ന ആംബുലൻസിന്റെ ലോഗ് ബുക്ക് എഴുതി പൂർത്തിയാക്കിയിട്ടില്ലാത്തതായി കണ്ടു. 24.10.19മുതൽ 4.11.19 വരെയും 27.12.19 മുതൽ 31.1.20 വരെയും 15.2.20 മുതൽ 28.2.20 വരെയും ലോഗ് ബുക്ക് എഴുതിയിട്ടില്ല. യാത്ര ചെയ്ത ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ ഒപ്പ് രേഖപ്പെടുത്തുന്നില്ല. ലോഗ് ബുക്ക് യഥാവിധി എഴുതി സൂക്ഷിക്കേണ്ടതാണ്. കൂടാതെ കാഷ് ബുക്കിൽ ട്രഷറിബിൽ ബുക്കിൽ ചേർത്ത് മാറുന്ന തുകയുടെ വിവരങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. തനത് ഫണ്ട്, ബ്ളോക്ക് ഷെയർ എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. എല്ലാ വരവു ചെലവുകളും ഉൾപ്പടുത്തി കാഷ് ബുക്ക് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

വാഴൂർ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ-21807 രൂപയുടെ മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു

| പ്രോജക്ട് നം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നം |
|---|---|---|---|
| 100/20 | മെയിന്റനൻസ് ഗ്രാന്റ് -800000<br>തനത് ഫണ്ട് - 150000 | 798600<br>148787 | 11/4.1.20 |

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രൊഫോർമ ഇൻവോയ്സ് നം. PRF 2990/4.12.19 പ്രകാരം 103909 രൂപയുടെ മരുന്നുകൾ ലഭിക്കുന്നതിനായി തുക നല്കിയിട്ടുണ്ട് (ബിൽ നം.11/4.1.20). എനാൽ 82100 രൂപയുടെ മരുന്നുകൾ മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളൂ. ലഭിക്കാനവശേഷിക്കുന്ന മരുന്നുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | | എണ്ണം |
|---|---|---|
| 1 | Atrovastatin 10mg | 12000 |
| 2 | Cyclopan Tab | 500 |
| 3 | Losartan Pottassium 50mgTab | 5000 |

ലഭിക്കാനവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22 ഹിന്ദി പഠന പദ്ധതി - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ നമ്പർ 211/20 ഹിന്ദി പഠന പദ്ധതി പ്രകാരം ദക്ഷിണ ഭാരത ഹിന്ദി പ്രചാര സഭയുടെ നേതൃത്വത്തിൽ നടപ്പാക്കിയ പ്രോജക്ടാണിത്. പ്രോജക്ടിനായി തനത് ഫണ്ടിൽ നിന്നും 94554/ രൂപ ചെലവഴിച്ചിട്ടുണ്ട്. ജയ് ഹിന്ദ് ജയ് ഹിന്ദി എന്നതായിരുന്നു പ്രോജക്ടിന്റെ മുദ്രാവാക്യം. 2018-19ലെ 161/19 എന്ന പ്രോജക്ടിന്റെ സ്പിൽ ഓവർ പ്രോജക്ടാണിത്. 2018 ഒക്ടോബർ മൂന്നാം തീയതി ആരംഭിച്ച് 2019 മാർച്ച് 31ന് അവസാനിക്കുന്ന വിധത്തിൽ 60 പഠിതാക്കൾക്ക് 56 ക്ലാസ്സുകളാണ് വിഭാവനം ചെയ്തിരുന്നത്. ക്ലാസ്സിൽ പങ്കെടുക്കുന്നതിനായി 58 പേരാണ് രജിസ്റ്റർ ചെയ്തിരുന്നു. 05.10.2018 ൽ നടന്ന ക്ലാസ്സിൽ 47 പേരും, 06.10.2018 ൽ 24 പേരും പങ്കെടുത്തിരുന്നു. 11.11.2018 ൽ ഇത് 16 പേരായി കുറഞ്ഞു. 2018 നവംബർ അവസാനം മുതലുള്ള ക്ലാസ്സുകളിൽ 5 മുതൽ 7 വരെ ആളുകൾ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. അവസാന ക്ലാസ്സ് നടന്ന 16.03.2019 ൽ 7 പേരാണ് പങ്കെടുത്തത്. 56 ക്ലാസ്സുകൾ വിഭാവനം ചെയ്തിരുന്ന എങ്കിലും 36 ക്ലാസ്സുകൾ മാത്രമാണ് നടന്നത്. നിർവ്വഹണ ഉദ്യോഗസ്ഥൻ 13.03.2019 ൽ പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടിൽ ആകെ 7 പേർ മാത്രമാണ് ആദ്യാവസാനം ക്ലാസ്സുകളിൽ പങ്കെടുത്ത് പഠനം പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും പ്രോജക്ടിന്റെ ലക്ഷ്യം പ്രാപ്തമായില്ല എന്ന് വ്യക്തമാകുന്നു. പ്രോജക്ടുകൾ തെരഞ്ഞെടുക്കുമ്പോൾ നടപ്പാക്കാനാവുന്ന പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-23 പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിൽ 407346/- രൂപ നിക്ഷേപമായി അവശേഷിക്കുന്നു.

2015ൽ ആരംഭിച്ച് 2019-20 ലും തുടരുന്ന പഞ്ചായത്ത് ഓഫീസും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവും എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ വേലകൾക്കായി പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിൽ 2255000/-രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നു(ചെലാൻ നമ്പർ 1413/തീ8-3-2017).2018 ൽ ലഭ്യമായ വിനിയോഗസാക്ഷ്യപത്രപ്രകാരം 1847654 രൂപ ചെലവഴിക്കുകയും 407346/- രൂപ നീക്കിയിരുപ്പായും ഉണ്ട്. കെട്ടിട നിർമ്മാണത്തിനായി പഞ്ചായത്ത് വായ്പയെടുത്ത തുക (പലിശ ഉൾപ്പെടെ അടക്കുന്നത്) ഇത്തരത്തിൽ നിർജീവമായി മറ്റൊരു ഏജൻസിയിൽ നിക്ഷേപമായി കിടക്കുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നതാണ്. തുക തിരികെ ലഭ്യമാക്കുന്നതിനും വായ്പതിരിച്ചടച്ച് ബാധ്യത കുറക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 കരാർ ചമയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയില്ല.

2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ച തീയതി മുതൽ 14 ദിവസത്തിനകം തെരഞ്ഞെടുക്കപ്പെട്ട കരാറുകാരൻ ചുമതലയുള്ള ഉദ്യോഗസ്ഥനമായി കരാർ ചമക്കേണ്ടതുണ്ട്. ടെണ്ടർ അംഗീകരിച്ച അറിയിപ്പ് രജിസ്റ്റർ ചെയ്യുന്ന തീയതി ടെണ്ടർ അംഗീകരിച്ച തീയതിയായി കണക്കാക്കുന്നതും പ്രസ്തുത തീയതി മുതൽ 14 ദിവസത്തിനകം പിഴ ഇല്ലാതെയും തുടർന്ന് 10 ദിവസം കരാർ തുകയുടെ 1% പിഴ ഈടാക്കിയും കരാറിലേർപ്പെടാവുന്നതാണ്.സമയപരിധി പാലിക്കാത്തവരിൽ നിന്നും പിഴ ഈടാക്കാതെ കരാർ വക്കുന്നതിന് അനുവദിച്ചിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര നം | പ്രോജക്ട് നമ്പർ/ പ്രോജക്ട് | കരാറുകാരൻ | ടെണ്ടർ അംഗീകരിച്ച/ സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി | പിഴ ഇല്ലാതെ കരാർ വക്കാവുന്ന അവസാന തീയതി | പി എ സി (രൂപയിൽ) | കരാർ തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ തുക(രൂപ) |
|---|---|---|---|---|---|---|---|
| 1 | 191/2020 തേക്കാനം 17ാം മൈൽ റോഡ് ടാറിംഗ് | എബ്രഹാം തോമസ് | 27-12-2018 | 10-1-2019 | 601919 | 19-1-2019 | 6019 |
| 2 | 165/2020 വലിയതറ പനംപുന്ന മൂലയിൽ ഭാഗം റോഡ് | എബ്രഹാം തോമസ് | 23-11-2018 | 7-12-2018 | 528183 | 10-12-2018 | 5281 |
| 3 | 73/2020 തേക്കാനം -പതിനെട്ടാം മൈൽ റോഡ് റീടാറിംഗ് | എം എൻ പ്രഭാകരൻ നായർ | 22-06-2018 | 6-07-2018 | 264900 | 09-07-2018 | 2649 |
| 4 | 158/2020തള്ളക്കയം ഇളങ്ങോയി റോഡ് റീ ടാറിംഗ് | എം എൻ പ്രഭാകരൻ നായർ | 22-06-2018 | 6-7-2018 | 255047 | 9-7-2018 | 2550 |

അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സ്റ്റാമ്പ് പേപ്പറിന്റെ ലഭ്യതക്കുറവും എഗ്രിമെന്റ് വക്കുന്നതിന് പരിമിതമായ സമയം മാത്രമാണ് ലഭിച്ചത് എന്നുമാണ് മറുപടിയായി പറഞ്ഞിട്ടുള്ളത്. നിയമാനുസൃത സമയപരിധി നല്കിയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല .പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-25 ഇ-ടെണ്ടർ ടെണ്ടർഫീസ് പഞ്ചായത്തിൽ ലഭിച്ചില്ല

2019-20 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയതും 5 ലക്ഷത്തിന് മുകളിൽ

അടങ്കലുള്ളതുമായ പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തിയിട്ടുണ്ട്.കോട്ടയം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതും പഞ്ചായത്തിന് അവകാശപ്പെട്ടതുമായ പ്രസ്തുത പ്രവൃത്തികളുടെ ടെന്റർ ഫീസ് പഞ്ചായത്ത് അക്കൗണ്ടിൽ വരവായിട്ടില്ല . ആയത് ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ, 2019-20 ലെ പ്രവൃത്തികളുടേതായി ലഭിക്കേണ്ട തുകയുടെ വിവരം എന്നിവ രേഖാമൂലം അറിയിക്കമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.ആയതു പ്രകാരം 19-20 ൽ ലഭിക്കാനുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര നം | പ്രോജക്ട് | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ഫാറവില | പഞ്ചായത്തിന് ലഭിക്കേണ്ട തുക |
|---|---|---|---|---|
| 1 | 17ആം മൈൽ-നരിയാങ്കൽ റോഡ് മെയിന്റനൻസ് | 2 | 1244 | 2488 |
| 2 | തോട്ടം-പാലക്കാക്കുഴി റോഡ് മെയിന്റനൻസ് | 2 | 1000 | 2000 |
| 3 | കാനം-കൊച്ചുകാഞ്ഞിരപ്പാററോഡ് മെയിന്റനൻസ് | 2 | 1058 | 2116 |
| 4 | പേക്കാവിൽപടി-ബ്ലോക്ക്പടി റോഡ് | 3 | 1163 | 3489 |
| 5 | ശാസ്താംകാവ് കുടിവെള്ള പദ്ധതി പൂർത്തീകരണം | 3 | 1914 | 5742 |
| 6 | ആർദ്രം പ്രോജക്ട്-കുടുംബാരോഗ്യകേന്ദ്രം | 1 | 1014 | 1014 |
| 7 | പനംപുന്ന-വലിയതറ റോഡ് | 1 | 1014 | 1014 |
| 8 | പാറേൽ കോളനി പാലം | 5 | 2800 | 14000 |
| 9 | ചെങ്കൽ-പൊത്തൻപ്ലാക്കൽ റോഡ് | 2 | 1000 | 2000 |
| 10 | അധികാരത്തിൽപടി-മുളവന റോഡ് | 3 | 1130 | 3390 |
| 11 | ഉദിക്കുഴ-പാട്ടുപാറ | 4 | 1130 | 4520 |
| 12 | ആറ്റുകുഴി -നെട്ടവര അങ്കണവാടി റോഡ് | 3 | 1000 | 3000 |
| | ആകെ | | | 44773 |

തുക പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 വേലമൂല്യത്തിൽ അധികമായി തുക ചെലവഴിച്ച

| | |
|---|---|
| പ്രോജക്ട് നമ്പർ/ പ്രോജക്ട് | 154/2020, തെക്കാനിക്കാട് അങ്കണവാടി പുനരുദ്ധാരണം |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ/ | 300000/- (തനത്ഫണ്ട്) |
| ചെലവ് | 300000/- രൂപ |

പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ആകെ വേലമൂല്യം 293608.67 രൂപയാണ്. എന്നാൽ 29-10-2018 ലെ 505661360118025 റിക്വിസിഷൻ പ്രകാരം 251846/- രൂപയും 7-3-2020 ലെ 505661360119089 റിക്വിസിഷൻ പ്രകാരം 48154/- രൂപയും ഉൾപ്പെടെ 300000/- രൂപ തനത് ഫണ്ടിൽ നിന്നും പിൻ വലിച്ചിട്ടുണ്ട്. ആകെ വേലമൂല്യത്തിൽ അധികമായി 6392/- രൂപ പിൻ വലിച്ചതിന് വിശദീകരണം ലഭ്യമാക്കമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് റീടെൻഷൻ ഇനത്തിൽ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ച 25185രൂപയിൽ അധികം പിൻവലിച്ച തുക കിഴിച്ചാണ് കരാറുകാരന് നല്കിയത് എന്ന് മറുപടി നല്കി.വാർഷികകണക്ക് പ്രകാരം റിടെൻഷൻ തുക കൃത്യമായി കണക്കാക്കിയിട്ടില്ലാത്തതിനാൽ മറുപടിയുടെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല. ഭരണസമിതി വിഷയം പരിശോധിക്കേണ്ടതും പഞ്ചായത്തിന് ധനനഷ്ടം ഉണ്ടായിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-27 ആസ്തിസംരക്ഷണം

സർക്കാർ ഉത്തരവ് (ആർ റ്റി) 166/2017 എൽ എസ് ജി ഡി തീ 20-1-2017 പ്രകാരം അംഗീകരിക്കപ്പെട്ടതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ബാധകവുമായ അസറ്റ് മാനേജ്മെന്റ് മാന്വൽ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.അസറ്റ് മാനേജ്മെന്റ് പ്ലാൻ പ്രകാരം മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും തുടർ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല. ആസ്തി സംരക്ഷണപ്രവർത്തനങ്ങളുടെ വാർഷിക കലണ്ടർ തയ്യാറാക്കുകയോ ആസ്തികളുടെ വാർഷിക സ്ഥിതി നിർണ്ണയം നടത്തുകയോ ചെയ്തിട്ടില്ല.

2.ആസ്തികളുടെ ചുമതലയുള്ള സെക്രട്ടറി മാന്വൽ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല

3.ആസ്തിരജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും കൃത്യമായ ഇടവേളകളിൽ അപ്ഡേറ്റ് ചെയ്യുകയോ നിയമാനുസൃതമുള്ള കോളങ്ങൾ പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല.

4.കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

5.ആസ്തികളിടെ പ്രതിമാസ,അർദ്ധവർഷ,വാർഷിക അവലോകനം നടത്തി റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല

വിഷയങ്ങളിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കി. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 സംയുക്തപ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് |
|---|---|---|---|
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 |
| ,, | 6731485 | ലൈഫ് മിഷൻ, ജനറൽ | 6731485 |
| ,, | 65241 | അങ്കണവാടി പൂരകപോഷകാഹാരം | 65241 |
| ബ്ലോക്ക്പഞ്ചായത്ത്, വാഴൂർ | 2800000 | ലൈഫ് മിഷൻ, ജനറൽ | 2800000 |
| | 100000 | ലൈഫ് മിഷൻ | 100000 |
| ,, | 155128 | പാലിയേറ്റീവ് കെയർ | 155128 |
| ,, | 83330 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 83330 |
| ,, | 83330 | അങ്കണവാടി പൂരകപോഷകാഹാരം | 83330 |
| ,, | 145310 | പകൽ വീട് | 145310 |
| ,, | 600000 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 600000 |
| | 200000 | കല്ലോലിക്കൽ വൈരമല റോഡ് | 200000 |
| ,, | 250000 | പേക്കാവിൽപ്പടി-ബ്ലോക്ക്പടി | 250000 |
| ,, | 200000 | തോട്ടം പാലക്കുഴി റോഡ് | 200000 |
| ,, | 400000 | പകൽവീടിന് വായനശാല | 400000 |
| ആകെ | | | |

നിലവിൽ സംയുക്തപ്രോജക്ടിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനം ചെലവുതുക നല്കുന്നതിനാൽ സംയുക്ത പ്രോജക്കുകൾക്കായി നേരിട്ട് വരവില്ല.

## 4-2 ഡപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജലവകുപ്പ് | കുട്ടങ്കൽ കുടിവെള്ള പദ്ധതി 13/20 | 440000 | 0 | 440000 |
| | അമ്പലം കുടിവെള്ള പദ്ധതി 12/20 | 440000 | | 440000 |
| | റ്റി പി പുരം കുടിവെള്ളപദ്ധതി 10/20 | 112200 | | 112200 |
| | തേക്കാനം കുടിവെള്ള | 75000 | | 75000 |

| | | | | |
|---|---|---|---|---|
| | പദ്ധതി 11/20 | | | |
| | കുഴൽക്കിണർ 120/20 | 200000 | | 200000 |
| | കുഴൽക്കിണർ 215/20 | 150000 | | 150000 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | ശാസ്താംകാവ് കുടിവെള്ള പദ്ധതി വൈദ്യുതീകരണം 216/20 | 241932 | | 241932 |
| | കടക്കുഴി കുടിവെള്ള പദ്ധതി 210/20 | 171925 | | 171925 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ്നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പഞ്ചായത്ത് ഓഫീസ് കോംപ്ലക്സ് | ജിഒ (എം എസ്) 83/13/ തസ്വഭവ | 4971119 | 3466 | 988067 | 292883 | 3983052+3466 |
| | | | | 1280950 | | |
| ലൈഫ് ഭവന നിർമ്മാണ പദ്ധതി | എൽ.എസ്സ്.ജി.ഡി, ജി.ഒ (എം.എസ്) നം-68/18 തീയതി 18/05/18 | 4997000 | 4737000 | 328234 | - | 4408766 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻ വർഷം വരവ് ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ ഇല്ല

## 4-8 സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | : 102662258.97 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 75222099.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 15200 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 300000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ചാർജ്ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |
| 1-18 | 8200 | സുഭാഷ് കെ സി, സെക്രട്ടറി |
| 1-18 | 7000 | സുഭാഷ് കെ സി, സെക്രട്ടറി |

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 300000 | ഡോ.ബിനു ഗോപിനാഥ്<br>വെറ്റിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുഭാഷ് കെ സി, സെക്രട്ടറി | | കല്ലൂർ കരോട്ട് എലിക്കുളം പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | നം.കെഎസ്എ കെടിഎം പി5 (അദാ 18)198(1)/18 തീയതി 2-2-18 |
| 1999-00 | നം.കെഎസ്എ കെടിഎം പി5 (അദാ 18)198(2)/18 തീയതി 2-2-18 |
| 2001-02 | നം.കെഎസ്എ കെടിഎം പി5 (അദാ 18)198(4)/18 തീയതി 2-2-18 |
| 2002-03 | നം.കെഎസ്എ കെടിഎം പി5 (അദാ 18)198(5)/18 തീയതി 2-2-18 |
| 2003-04 | നം.കെഎസ്എ കെടിഎം പി5 (അദാ 18)198(6)/18 തീയതി 27-2-18 |
| 2004-05 | നം.കെഎസ്എ കെടിഎം പി5 (അദാ 18)198(7)/18 തീയതി 2-2-18 |
| 2005-06 | നം.കെഎസ്എ കെടിഎം പി5 (അദാ 18)198(8)/18 തീയതി 27-2-18 |
| 2006-07 | നം.കെഎസ്എ കെടിഎം പി5 -20/2019(1) തീയതി 20.05.2019 |
| 2007-08 | നം.കെഎസ്എ കെടിഎം പി5 (അദാ 18)198(9)/18 തീയതി 2-2-18 |
| 2008-09 | നം.കെഎസ്എ കെടിഎംപി5(അദാ 18)198(10)/18 തീയതി 27-2-18 |

| | |
|---|---|
| 2009-10 | നം.കെഎസ്എ കെടിഎം പി5-20/2019(2) തീയതി 18.05.2019 |
| 2010-11,2011-12 | എൽ.എഫ്.കെ.പി5/282/14തീയ്യതി 3-4-14 |
| 2012-13 | കെ.എസ്.എ കെ.ടി.എം പി 5/813/16/23-8-16 |
| 2013-14 | കെ.എസ്.എ കെ.ടി.എം പി 5/844/16/23-5-16 |
| 2014-15 | കെ.എസ്.എ കെ.ടി.എം പി 5/1359/16/23-5-17 |
| 2015-16 | കെഎസ്എ.കെടിഎം.പി.5/619/17/ 3-3-18 |
| 2016-17 | കെഎസ്എ.കെടിഎം.പി 5/20/2019(3) തീയതി 20.05.2019 |
| 2017-18 | കെഎസ്എ-കെടിഎം.പി-5/471/19/ 14.5.2019 |
| 2018-19 | കെഎസ്എ-കെടിഎം.പി-5/1698/2019(എ) തീയതി 17.11.2020 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ വാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്